പാഠപുസ്തകവിതരണം

14(4617) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 അദ്ധ്യായന വർഷം ഒന്നാം ക്ലാസു മുതൽ പത്താം ക്ലാസുവരെ ആകെ എത്ര പുസ്തകങ്ങൾ അച്ചടിച്ചു ; ആയതിന് ചെലവായ ആകെ തുക എത്ര ; ഇതിൽ എത്ര പുസ്തകങ്ങൾ വിതരണം ചെയ്യാതെ കെട്ടിക്കിടന്നു ; ഇതിൽ എത്ര പുസ്തകങ്ങൾ നശിപ്പിച്ചു; പ്രസ്തുത പുസ്തകങ്ങൾ എവിടെയെല്ലാമാണ് അച്ചടിച്ചത് ; ഇവർക്ക് എത്ര തുക വീതം നൽകി ; ഇനി എത്ര തുക നൽകാനുണ്ട് ; ആയത് 2014-15 അദ്ധ്യയന വർഷവുമായി താരതമ്യം ചെയ്യുമോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) 2014-15 അദ്ധ്യായന വർഷം പാഠപുസ്തക വിതരണം യഥാസമയം വിതരണം ചെയ്യാൻ സാധിക്കാതെ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ എന്തെല്ലാം ശിക്ഷാനടപടികൾ സ്വീകരിച്ചു ; വിശദാംശം നല്കുമോ ;

(സി) 2014-15 അദ്ധ്യായന വർഷം പാഠപുസ്തകവിതരണം യഥാസമയം നടത്താനായി എത്ര ഉന്ന തല യോഗങ്ങൾ കൂടി ; എന്തു നടപടി സ്വീകരിച്ചു ; ഇതിന് എത്ര തുക ചെലവായി ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013-14 അദ്ധ്യയന വർഷം 30360701 പാഠപുസ്തകങ്ങളാണ് അച്ചടിച്ചത്. ഇതിനായി 56440809 രൂപ ചെലവായി. 2013-14 വർഷം 30,81,927 പുസ്തകങ്ങൾ വിതരണം ചെയ്യാതെ ബാക്കിയുണ്ട്. ആയവയൊന്നും നശിപ്പിച്ചിട്ടില്ല. അച്ചടിച്ച് വിതരണം ചെയ്യാതെ അധികം വന്ന പുസ്തകങ്ങളുടെ സ്റ്റോക്ക് ബാലൻസ് കെ.ബി.പി.എസ്.-ൽ നിന്നും വിദ്യാഭ്യാസ ഓഫീസുകലിൽ നിന്നും എടുത്തതിനുശേഷമാണ് ബാക്കിയുള്ള പുസ്തകങ്ങൾക്ക് 2014-15 അദ്ധ്യയന വർഷം പ്രിന്റ് ഓർഡർ നൽകിയിട്ടുള്ളത്. ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ കെ.ബി.പി.എസ്-ൽ ആണ് അച്ചടിക്കുന്നത്. 2013-14-ലെ അച്ചടിക്കായി 56440809 രൂപ കെ.ബി.പി.എസ്.-ന് നൽകി. ബാക്കിത്തുക നൽകാനില്ല. 2014-15 അദ്ധ്യയന വർഷം ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലേക്കായി 37762596 പുസ്തകങ്ങൽ അച്ചടിച്ചു. ഈ വർഷം 1,3,5,7 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ മാറിയതിനാൽ മുൻവർഷത്തെ ബാക്കി പുസ്തകങ്ങൾ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കഴിഞ്ഞ വർഷത്തേതിലും കൂടുതൽ പുസ്തകങ്ങൾ അച്ചടിച്ചിട്ടുണ്ട്. 2014-15 വർഷം 2 കോടി രൂപ കെ.ബി.പി.എസ്-ന് അഡ്വാൻസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2014-15 അദ്ധ്യയന വർഷം ഇന്റൻഡ് ചെയ്തതനുസരിച്ചുള്ള പാഠപുസ്തക വിതരണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിച്ചിട്ടില്ല.

(സി) മൂന്ന് മന്ത്രിതല യോഗങ്ങളും പൊതുവിദ്യാഭ്യാസ സെക്രട്ടറി തലത്തിൽ നിരവധി യോഗങ്ങളും ചേരുകയുണ്ടായി. സമയബന്ധിതമായി പാഠപുസ്തക അച്ചടി പൂർത്തീകരിച്ച് വിതരണം നടത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയുണ്ടായി. യോഗ നടത്തിപ്പിനായി പ്രത്യേക ചെലവുകളൊന്നും ഉണ്ടായിട്ടില്ല.

പാഠപുസ്തകങ്ങളിലെ അക്ഷരത്തെറ്റുകൾ

15(4618) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 അദ്ധ്യയനവർഷം ഒന്നാം ക്ലാസ്സു മുതൽ പത്താം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് പഠിക്കാനായി അച്ചടിച്ച പുസ്തകങ്ങളിൽ വ്യാപകമായ തെറ്റുകൾ കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അച്ചടിച്ചു വിതരണം ചെയ്ത പുസ്തകങ്ങളിൽ 7-ാം ക്ലാസ്സ് ഇംഗ്ലീഷ് പുസ്തകത്തിൽ കടന്നു കൂടിയിട്ടുള്ള അക്ഷരത്തെറ്റ്, അർത്ഥത്തിലെ വ്യത്യാസങ്ങൾ, വ്യാകരണത്തെറ്റുകൾ ഉൾപ്പെടെ ഏതെല്ലാം ക്ലാസ്സുകളിലെ എത്ര പുസ്തകങ്ങളിൽ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെന്നാണ് വകുപ്പ് കണക്കാക്കിയത്; ഇവ തിരുത്താൻ എന്തു നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇപ്രകാരം വിദ്യാഭ്യാസ വകുപ്പിന്റെ പരിശോധനയിൽ വളരെയധികം തെറ്റുകൾ കണ്ടെത്തിയ പാഠപുസ്തകങ്ങൾ ഏതെല്ലാമെന്നും ഇവ തയ്യാറാക്കാൻ നിയോഗിക്കപ്പെട്ട അദ്ധ്യാപകർ ആരെല്ലാമെന്നും, അവർക്കെതിരെ എപ്രകാരമുള്ള നടപടി വകുപ്പ് സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) നിലവിൽ കുട്ടികൾക്ക് പഠിക്കാനുള്ള പാഠപുസ്തകങ്ങളിൽ വ്യാപകമായ തെറ്റുകൾ വരുന്ന സാഹചര്യത്തിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കുവാൻ നൂതനമായ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ് വരെയുള്ള ക്ലാസ്സുകളിലേക്ക് തയ്യാറാക്കിയ പാഠപുസ്തകങ്ങളിൽ തെറ്റുകൾ കണ്ടെത്തിയിട്ടില്ല. എന്നാൽ ചില പുസ്തകങ്ങളിലെ ആദ്യപ്രതി പ്രിന്റ് ചെയ്തപ്പോഴുണ്ടായ അച്ചടിപ്പിശകുകൾ പരിഹരിച്ച് വീണ്ടും അച്ചടിക്ക് നൽകിയിട്ടുണ്ട്. ഇത് പരിഹരിച്ചുള്ള നിർദ്ദേശം അദ്ധ്യാപകർക്ക് പരിശീലന സമയത്ത് നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly